I ഇ.ബി. XIV - കേരള നിയമസഭ /XIII-8

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഡിസംബർ 06, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അഭ്യർത്ഥന**

പ്രതിപക്ഷ എം.എൽ.എ.മാരുടെ സത്യാഗ്രഹം

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ശബരിമലയിലെ പ്രത്യേക സാഹചര്യങ്ങളാണ് നിരോധനാജ്ഞ പ്രഖ്യാപിക്കാൻ കാരണം. വിശ്വാസികൾക്ക് ഭീതി കൂടാതെ ശബരിമലയിൽ പോയി പ്രാർത്ഥിക്കാനുള്ള

സാഹചര്യം സൃഷ്ടിക്കുകയെന്ന സർക്കാർ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയുമില്ല. ശബരിമലയിൽ സാധാരണനില പുനഃസ്ഥാപിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ഗൗരവമായാണ് സർക്കാർ കാണുന്നത്. ഈ സാഹചര്യത്തിൽ മൂന്ന് പ്രതിപക്ഷാംഗങ്ങൾ സഭാകവാടത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സത്യാഗ്രഹം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശബരിമലയിൽ നിലവിൽ ശാന്തത നിലനിൽക്കുന്ന സാഹചര്യത്തിൽ നിരോധനാജ്ഞ പിൻവലിച്ചുകഴിഞ്ഞാൽ കൂടുതൽ ഭക്തജനങ്ങൾ എത്തിച്ചേരുന്നതാണ്. നിരോധനാജ്ഞ പിൻവലിക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാതലത്തിൽ വിശദമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ബഹു. സ്പീക്കറുടെ ചേംബറിൽ വച്ച് ചർച്ച നടത്താവുന്നതാണ്.

## II അടിയന്തരപ്രമേയം

### പത്രപ്രവർത്തനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം

മി. സ്പീക്കർ: സ്വതന്ത്ര പത്രപ്രവർത്തനത്തിന് ഏർപ്പെടുത്തിയ അനാവശ്യ നിയന്ത്രണങ്ങൾ പിൻവലിക്കുവാൻ സർക്കാർ തയ്യാറാകാത്തതുമൂലം സംസ്ഥാനത്ത് സ്വതന്ത്ര പത്രപ്രവർത്തനം നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മാധ്യമപ്രവർത്തകർക്ക് ഫലപ്രദമായി ജോലി നിർവ്വഹിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് ആഭ്യന്തര വകുപ്പ് ഇറക്കിയ സർക്കുലറിലൂടെ സർക്കാർ ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്ന പത്രസമ്മേളനങ്ങൾ ഉൾപ്പെടെയുള്ള പരിപാടികളുടെ മാധ്യമ ഏകോപനത്തിനും മറ്റും പൊതുക്രമീകരണങ്ങൾ കൊണ്ടുവരുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും എല്ലാ

മാധ്യമങ്ങൾക്കും ഒരുപോലെ വിവരങ്ങൾ ലഭിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയുമാണ് ഉദ്ദേശിക്കുന്നത്. വാർത്താ ചാനലുകൾക്കും ഓൺലൈൻ മാധ്യമങ്ങൾക്കും ഇടതടവില്ലാതെ വാർത്ത നൽകുന്നതുപോലെ പത്രമാധ്യമങ്ങൾക്കും വാർത്ത ലഭ്യമാക്കണമെന്നുള്ള ആവശ്യം കൂടി പരിഗണിച്ചാണ് എല്ലാ മാധ്യമപ്രവർത്തകരെയും വിവരങ്ങളറിയിക്കുവാൻ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഔദ്യോഗിക പരിപാടികളിൽ നിലവിലുള്ള രീതിയിൽ മാധ്യമ പ്രവർത്തകർക്ക് പ്രവേശനം അനുവദിക്കുന്നതാണ്. മൊബൈൽ ആപ് സംവിധാനമൊരുക്കി എല്ലാ മാധ്യമപ്രവർത്തകർക്കും വാർത്തകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും മന്ത്രിമാരുൾപ്പെടെയുള്ളവരുടെ പ്രതികരണങ്ങൾ ലഭ്യമാക്കുന്നതിന് മുൻകൂട്ടി അറിയിപ്പ് നൽകുന്നതിനും നിർദ്ദേശമുണ്ട്. പ്രളയകാലത്ത് ഉത്തരവാദിത്വത്തോടെ വാർത്തകൾ നൽകുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസമാഹരണം നടത്തുന്നതിനും തയ്യാറായ മാധ്യമ സ്ഥാപനങ്ങളെ അഭിനന്ദിക്കുന്നു. യഥാർത്ഥ മാധ്യമധർമ്മം നിർവ്വഹിക്കുന്നതിന് മാധ്യമപ്രവർത്തകരെ സഹായിക്കുക എന്നതാണ് നിലവിലെ ക്രമീകരണങ്ങൾ കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

സർക്കുലറിലെ നിർദ്ദേശങ്ങളിന്മേൽ പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾ പരിഗണിക്കുന്നതും നിലവിലുള്ള മാനദണ്ഡങ്ങൾ കൂടി പരിശോധിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതുമാണ്.

ശ്രീ. കെ. സി. ജോസഫ്: മാധ്യമപ്രവർത്തകർക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള സർക്കുലറിലെ ആശങ്കകൾ പരിഹരിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. മാധ്യമങ്ങളെ നിയന്ത്രിച്ചു നിർത്തുക എന്ന സമീപനമാണ് ഈ സർക്കാർ തുടക്കം മുതലേ സ്വീകരിച്ചുവരുന്നത്. ക്യാബിനറ്റ് ബ്രീഫിംഗ് ഒഴിവാക്കുകയും മാധ്യമപ്രവർത്തകരോട് മോശമായ ഭാഷയിൽ പ്രതികരിക്കുകയും ചെയ്ത മുഖ്യമന്ത്രിയുടെ നിലപാട് ശരിയല്ല. മാധ്യമവിലക്ക് ജനാധിപത്യവിരുദ്ധമാണെന്നാണ് പത്രപ്രവർത്തക യൂണിയൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് സെക്രട്ടറി ഉണ്ടെന്നിരിക്കെ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ആഭ്യന്തര വകുപ്പുസെക്രട്ടറി സർക്കുലർ ഇറക്കിയ നടപടി തെറ്റാണ്. മാധ്യമങ്ങളെ ഒഴിവാക്കാൻ ശ്രമിക്കുന്ന പ്രധാനമന്ത്രിയുടെ ശൈലിയാണ് മുഖ്യമന്ത്രിയും സ്വീകരിച്ചിരിക്കുന്നത്. ജനാധിപത്യത്തിൽ "ഫോർത്ത് എസ്റ്റേറ്റ്"

എന്നാണ് മാധ്യമങ്ങൾ അറിയപ്പെടുന്നത്. മാധ്യമങ്ങളുടെ വിമർശനങ്ങൾ സദുദ്ദേശ്യപരമായി കാണണം. റെയിൽവേ സ്റ്റേഷനിലും ഗസ്റ്റ് ഹൗസിലുംവച്ച് പ്രശസ്ത വ്യക്തികൾ മാധ്യമങ്ങളെ കാണണമെങ്കിൽ ഐ.ആന്റ് പി.ആർ.ഡി.യുടെ അനുമതിവേണമെന്ന വ്യവസ്ഥ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കൈകടത്തലും പ്രതിപക്ഷനേതാക്കളെ സർവെയലൻസ് നടത്തുവാനുള്ള നീക്കത്തിന്റെ ഭാഗവുമാണ്. ജനാധിപത്യം അർത്ഥപൂർണ്ണമാകണമെങ്കിൽ മാധ്യമങ്ങളുണ്ടാകണം. മാധ്യമങ്ങളിൽ കൂടിയുള്ള വിമർശനങ്ങൾ ജനാധിപത്യത്തിന് അത്യന്താപേക്ഷിതമായതിനാൽ ഈ ഉത്തരവ് പിൻവലിക്കാനും ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനും തയ്യാറാകണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): അടിയന്തരപ്രമേയമായി ഇവിടെ ഉന്നയിച്ചിരിക്കുന്ന വിഷയം തീർത്തും അപ്രസക്തമാണ്. മാധ്യമരംഗത്ത് ഒരു നിയന്ത്രണവും ഗവൺമെന്റ് വരുത്തിയിട്ടില്ല. മാധ്യമപ്രവർത്തനം കൂടുതൽ സുഗമമാക്കുകയും വാർത്തകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കൂടുതൽ സൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യുക എന്ന വിശാലമനസ്കതയാണ് ഗവൺമെന്റിനുള്ളത്. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് മാധ്യമ പ്രവർത്തകർക്ക് എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ അത് പൂർണ്ണമായി പരിഹരിച്ചുകൊണ്ട് ഉത്തരവ്

ഭേദഗതി ചെയ്യുമെന്ന് മുഖ്യമന്ത്രി നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാധ്യമ സ്വാതന്ത്ര്യത്തിന് സർക്കാർ ഏറ്റവും അധികം വിലകൽപ്പിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശക്തിയാണ് മാധ്യമങ്ങൾ. ഒരു കാരണവശാലും മാധ്യമങ്ങൾക്കുമേൽ യാതൊരു നിയന്ത്രണവും കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. മാധ്യമങ്ങൾക്കെതിരെ ആഭ്യന്തര വകുപ്പ് വഴിവിട്ട ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മാധ്യമരംഗത്തെ കൂടുതൽ ശക്തിപ്പെടുത്താനും സുഖകരമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്താനും വേണ്ടിയുള്ള സദുദ്ദേശ്യപരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സർക്കുലറിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. എം. സ്വരാജ്: കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അതീവ ഗുരുതരമായ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ആഗോളീകരണ നയങ്ങളുടെ ചുവടുപിടിച്ച് പൊതുമേഖലയെ തകർക്കാനും സ്വകാര്യ കുത്തകകൾക്ക് അനുകൂലമായ വ്യാവസായികാന്തരീക്ഷം സൃഷ്ടിക്കാനുമാണ് മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ ശ്രമിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ചും സഹായങ്ങൾ നിർത്തലാക്കിയും സ്വകാര്യ കുത്തകകൾക്ക് ഇളവ് നൽകിയും പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡ്, എഫ്.എ.സി.ടി., എച്ച്.ഒ.സി., എച്ച്.എൽ.എൽ. ലൈഫ് കെയർ തുടങ്ങിയ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിന്റെ പേരിൽ സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ കമ്പനി, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് തുടങ്ങിയ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും പൊതുമേഖലയിൽ നിക്ഷേപം നടത്തുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന്

പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനും കേരളത്തിനിണങ്ങുന്ന കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ ഇ. പി. ജയരാജൻ): പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉത്തരവാകുകയും ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ബി.എച്ച്.ഇ.എൽ, ഇ.എം.എൽ എന്ന സംയുക്ത സംരംഭത്തിന്റെ 51% കേന്ദ്ര ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. എഫ്.എ.സി.റ്റി.-യുടെ അധീനതയിലുള്ള 481 ഏക്കർ ഭൂമിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. സർക്കാർ ഏറ്റെടുത്ത് നൽകിയ എച്ച്.എം.ടി. യുടെ

കൈവശമുള്ള ഭൂമി സംസ്ഥാനത്തിന് തിരികെ നൽകണമെന്നാവശ്യപ്പെട്ടുവെങ്കിലും അനുകൂല തീരുമാനമുണ്ടായിട്ടില്ല. തകർച്ചയിലായ കോഴിക്കോട് മാവൂർ ഗ്വാളിയാർ റയോൺസ്, പെരുമ്പാവൂർ റയോൺസ് എന്നീ സ്ഥാപനങ്ങളുടെ ഭൂമി ഏറ്റെടുത്ത് മറ്റെന്തെങ്കിലും സംരംഭം ആരംഭിക്കാൻ കഴിയുമോയെന്ന് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകൾ മനസ്സിലാക്കി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്താൻ റിയാബ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) <u>അവയവദാനം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിന് ആതറൈസേഷൻ കമ്മിറ്റിക്കുമുമ്പിൽ ഹാജരാക്കേണ്ട ഡോക്യുമെന്റുകളും സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും മൃതസഞ്ജീവനി പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വാണിജ്യതാല്പര്യങ്ങൾ കർശനമായി നിയന്ത്രിച്ചുകൊണ്ട് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ

ബോധവത്കരണം നടത്തണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൺ ഓർഗൻസ് ആക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണ് മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് മുഖേന നടപ്പിലാക്കിവരുന്നത്. ഇതിന്റെ കീഴിൽ മരണാനന്തര അവയവദാനം കാര്യക്ഷമമാക്കുന്നതിനായി നാല് റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. അവയവദാനം സംബന്ധിച്ച ആശങ്കകൾ അകറ്റുന്നതിനായി മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന നാല് ഡോക്ടർമാരിൽ രണ്ടുപേർ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും ആപ്നിയ ടെസ്റ്റുകൾ വീഡിയോയിൽ പകർത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മസ്തിഷ്കമരണ സ്ഥിരീകരണത്തിനായി ആരോഗ്യ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളിലെ ഡോക്ടർമാരുടെ പാനൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനായി കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനെത്തുടർന്ന് 2017-18 കാലയളവിൽ മസ്തിഷ്കമരണനാന്തര

അവയവദാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും 'മൃതസഞ്ജീവനി' പദ്ധതി സ്തംഭനാവസ്ഥയിൽ ആകുകയോ സ്വമേധയായുള്ള അവയവദാനങ്ങളിൽ കുറവുണ്ടാകുകയോ ചെയ്തിട്ടില്ല. മസ്തിഷ്കമരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാലിനെ മൃതസഞ്ജീവനി പദ്ധതിയുടെ ഗുഡ്‌വിൽ അംബാസഡറായി നിയമിച്ചതിനു പുറമെ സംസ്ഥാനത്തുടനീളം ബോധവത്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിക്കുകയും ഡോണർ കാർഡ്, അവയവദാന സമ്മതപത്രം എന്നിവ വിതരണം ചെയ്തുവരികയും ചെയ്യുന്നു. മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ജില്ലാതലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിശ്ചയിക്കുകയും മുന്നൂറോളം സർക്കാർ ഡോക്ടർമാർക്ക് വിദഗ്ദ്ധപരിശീലനം നൽകുകയും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി ശില്പശാലകൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. മസ്തിഷ്കമരണാനന്തര അവയവദാനത്തിലെ കുറവ് പരിഹരിക്കുന്നതിനായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു. അവയവദാനം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. മസ്തിഷ്കമരണാനന്തര അവയവദാനം കുറയുന്നതിനുള്ള

കാരണങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) പാപ്പിനിശ്ശേരി പീഡനക്കേസ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പാപ്പിനിശ്ശേരിയിൽ പതിനാറുകാരിയായ പെൺകുട്ടി പീഡനത്തിനിരയായ സംഭവത്തിൽ കുറ്റക്കാരായ ഡി.വൈ.എഫ്.ഐ. നേതാക്കളടക്കമുള്ളവരെ പോക്സോ ആക്ട് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കണ്ണൂർ പാപ്പിനിശ്ശേരിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ മൃദുൽ എന്നയാൾ വ്യാജ ഫെയ്സ്ബുക്ക് സൗഹൃദത്തിലൂടെ വശീകരിച്ച് ലോഡ്ജിൽ കൊണ്ടുപോകുകയും സന്ദീപ് എന്നയാളും മറ്റ് പലരും ചേർന്ന് പീഡിപ്പിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് ഇരയുടെ മൊഴി രേഖപ്പെടുത്തി പോക്സോ ആക്ട് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്യുകയും പ്രത്യേക സംഘം അന്വേഷണം നടത്തി ചില പ്രതികളെ കണ്ടെത്തി അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പിതാവും മറ്റ് പലരും ലൈംഗിക പീഡനം നടത്തിയിട്ടുണ്ടെന്ന് പെൺകുട്ടി മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം

ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമനടപടിക്ക് വിധേയമാക്കുകയും ചെയ്യുന്നതാണ്.

(2) പിറവം താലൂക്കാശുപത്രി

ശ്രീ. അനൂപ് ജേക്കബ്: പിറവം താലൂക്കാശുപത്രിയിൽ അതിക്രമിച്ച കയറി രോഗിയെ മർദ്ദിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മുൻവൈരാഗ്യത്തിന്റെ പേരിൽ പിറവം താലൂക്കാശുപത്രിയിൽവച്ച് അജേഷ് മനോഹറും കൂട്ടരും ചേർന്ന് കെ.എം. ലാലു എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

(3) മിനിമം വേതനം

ശ്രീ. സി. കൃഷ്ണൻ: ഖാദി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും

അടിസ്ഥാന സൗകര്യവികസനം വർദ്ധിപ്പിക്കുകയും ആവശ്യമായ യന്ത്രസാമഗ്രികൾ വിതരണം ചെയ്യുകയും തൊഴിലാളികളുടെ ഉത്സവബത്ത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ പരിഷ്കരിച്ച മിനിമം വേതനം 6.08.2018-ന് പ്രാബല്യത്തിൽ വരികയും പുതുക്കിയ നിരക്ക് ഖാദി ബോർഡും അനുബന്ധ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(4) വന്യമൃഗാക്രമണം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മലമ്പുഴയിലെ ജനവാസകേന്ദ്രങ്ങളിലെ വന്യമൃഗാക്രമണം ശാശ്വതമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മലമ്പുഴ മണ്ഡലത്തിലെ ജനവാസ കേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനായി 15 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും വനാതിർത്തിയിൽ 75 കി.മീ. സൗരോർജ്ജ വേലികൾ നിർമ്മിക്കുകയും 5 കിലോമീറ്ററിനുള്ളിൽ വാച്ചർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മുതുമല ആനപരിശീലന കേന്ദ്രത്തിൽനിന്നും കൊണ്ടുവന്ന 3 കുങ്കി

ആനകളെ ഉപയോഗിച്ച് ഒരു സാറ്റലൈറ്റ് ക്യാമ്പ് ധോണി വനമേഖലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു കുങ്കി ആനയെ ധോണി വനമേഖലയിൽ ക്യാമ്പ് ചെയ്യിച്ചിട്ടുണ്ട്. കഞ്ചിക്കോട്-മുണ്ടൂർ വനമേഖലയിലെ ആക്രമണകാരികളായ ആനകളുടെ ചിത്രങ്ങൾ ക്യാമറ ട്രാപ് സ്ഥാപിച്ച് ശേഖരിച്ചുവരുന്നുണ്ട്. ആനകൾ വനത്തിൽനിന്നും പുറത്തിറങ്ങിയാലുടൻ കർഷകർക്ക് എസ്.എം.എസ്., വോയ്സ് അലർട്ട് എന്നിവ വഴി വിവരങ്ങൾ നൽകുന്നുണ്ട്. ആനത്താരകൾ മനസ്സിലാക്കി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കി.മീ. സൗരോർജ്ജ വേലികളും രണ്ട് കോടി രൂപയുടെ ആനപ്രതിരോധ മതിലും നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് രൂപീകരിച്ച ദ്രുതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വന്യമൃഗങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പഴയ ചെക്കുഡാമുകൾ ഉപയോഗയോഗ്യമാക്കാനും പുതിയവ നിർമ്മിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനായി ഒക്ടോബർ 31 വരെ ലഭിച്ച അപേക്ഷകളിൽ അർഹതപ്പെട്ടവർക്കെല്ലാം ധനസഹായം നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായ വാളയാർ പ്രദേശത്തെ

സ്ഥലവാസികളുടെ സമ്മതത്തോടെ 12 ഏക്കർ സ്ഥലം കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(5) റവന്യൂ ടവർ നിർമ്മാണം

ശ്രീ. സി. ദിവാകരൻ: നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യൂ ടവർ നിർമ്മാണച്ചുമതലയിൽ നിന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഒഴിവാക്കി പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ് വിഭാഗത്തെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുന്ന നെടുമങ്ങാട് റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ കത്ത് പ്രകാരം 9.75 കോടി രൂപയുടെ എസ്റ്റിമേറ്റ് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സമർപ്പിക്കുകയും ടവറിന്റെ നിർമ്മാണ ചുമതലയിൽനിന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ഒഴിവാക്കി പൊതുമരാമത്ത് വകുപ്പിന് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം

ഇതുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ പദ്ധതി അടങ്കൽ 100 കോടി രൂപയിൽ കൂടുതലാകണമെന്നും സബ്പ്രോജക്ടുകൾ 10 കോടി രൂപയിൽ കുറയാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനാണ്. നിർമ്മാണച്ചുമതലയിൽ ഭേദഗതി ആവശ്യമുള്ള പക്ഷം അംഗീകൃത നിർവ്വഹണ ഏജൻസിയെ എസ്.പി.വി. ആയി മാറ്റി നിശ്ചയിച്ച് അനുമതി നൽകുന്ന മുറയ്ക്ക് കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്താവുന്നതാണ്.

(6) കൽപ്പാത്തിപ്പുഴ സംരക്ഷണം

ശ്രീ. ഷാഫി പറമ്പിൽ: കൽപ്പാത്തിപ്പുഴയിലെ മാലിന്യങ്ങൾ നീക്കി മലിനജലം പുഴയിലേയ്ക്കൊഴുകുന്നത് തടയാനും ജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കാനും സംരക്ഷണ ഭിത്തി നിർമ്മിക്കാനും ആവശ്യമായ പ്രോജക്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കൽപ്പാത്തിപ്പുഴ സംരക്ഷണവും നവീകരണവും എന്ന വിഷയവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 14.83 കോടി രൂപയുടെ

പ്രാഥമിക പദ്ധതി റിപ്പോർട്ട് പാലക്കാട് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പുഴയിലെ കാടും ചെളിയും നീക്കം ചെയ്യൽ, പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാമുകളുടെ സംരക്ഷണം, സംരക്ഷണ ഭിത്തി നിർമ്മാണം, കുളിക്കടവ് നിർമ്മാണം, കടവുകളുടെ അറ്റകുറ്റപ്പണികൾ, സർപ്ലസ് വെയർഹൗസ് നിർമ്മാണം, മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് പദ്ധതിയിലുൾപ്പെടുന്നത്. ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുമ്പ് പുഴയുടെ അതിർത്തി നിർണ്ണയിച്ച് സർവ്വേ നടത്താൻ ജില്ലാ സർവ്വേ സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 18-ാം തീയതി പാലക്കാടുവച്ചു നടക്കുന്ന അവലോകന യോഗത്തിൽ സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) എം.എൽ.എ. ആസ്തി വികസന ഫണ്ട്

ശ്രീ. പി. കെ. ബഷീർ: ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കെട്ടിട നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി വേണമെന്നത് പിൻവലിക്കുന്നതിനും പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് ഉപയോഗിക്കാൻ അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രളയ പശ്ചാത്തലത്തിൽ നിലവിലുള്ള നിയമം നിലനിൽക്കെത്തന്നെ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതാണ്. ടെൻഡർ സേവിംഗ്സ് ഉൾപ്പെടുത്തുന്നതിനും വർഷാവസാനം സേവിംഗ്സും എക്സസും കൂടി പരിശോധിച്ച് ബാക്കി തുക അടുത്ത വർഷം അഡീഷണലായി എടുക്കാനുള്ള അനുവാദവും നൽകുന്നതാണ്. കെട്ടിടം നിർമ്മിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. മുൻവർഷത്തേതടക്കം തുടങ്ങാത്ത പ്രവൃത്തികളുണ്ടെങ്കിൽ ആയത് റദ്ദുചെയ്ത് പ്രളയവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയാക്കി ചെയ്യാൻ അനുവദിക്കുന്നതാണ്.

(8) നായാടി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗോത്ര വിഭാഗത്തിൽപ്പെട്ട നായാടി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സർക്കാർ സർവ്വീസിൽ പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ അനുസരിച്ച്

സർവ്വീസ് കാറ്റഗറിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ ആനുകൂല്യം നായാടി വിഭാഗത്തിന് നിലവിൽ ലഭ്യമാണ്. പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് പഠനം നടത്തി തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ വിവരം ലഭ്യമായാൽ മാത്രമെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസാനുകൂല്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സങ്കേത വികസനത്തിനുള്ള പ്രത്യേക പരിപാടികൾ എന്നിവ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബാധകമായ നിരക്കുകളിൽ ഇപ്പോൾ ഇവർക്കും ലഭ്യമാക്കുന്നുണ്ട്. ഇതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കാൻ സംസ്ഥാന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

### (9) ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം

ശ്രീ. ആർ. രാജേഷ്: ഉമ്പർനാട് പ്രവർത്തിക്കുന്ന പട്ടികജാതി ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മാവേലിക്കരയിലെ ഉമ്പർനാട് പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ പഴയ ഏഴ് കെട്ടിടങ്ങളും 2014-ൽ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഒരു പുതിയ

കെട്ടിടവുമാണുള്ളത്. അവയിൽ ഓഫീസുൾപ്പെടെ രണ്ട് കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന അഞ്ച് പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ അനുമതി നൽകിയിട്ടുണ്ട്. എല്ലാ ഭൗതിക സൗകര്യങ്ങളോടുംകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മണ്ണ് പരിശോധനയും സർവ്വെയും പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മുഖേന കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) ഇരിക്കൂറിലെ ടൂറിസം പദ്ധതികൾ

ശ്രീ. കെ. സി. ജോസഫ്: ഇരിക്കൂർ മണ്ഡലത്തിൽപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ പാലക്കയം തട്ട്, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പൈതൽ മല, കാഞ്ഞിരക്കൊല്ലി, ശശിപ്പാറ വെള്ളച്ചാട്ടം, തിരുനെറ്റിക്കല്ല് തുടങ്ങിയവയുടെ വികസനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തിന്റെ അഡ്വഞ്ചർ ടൂറിസം പ്രോജക്ടിനുള്ള നിർമ്മാണാനുമതി നൽകുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പാലക്കയം തട്ട് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം രൂപരേഖ കണ്ണൂർ ഡി.റ്റി.പി.സി. തയ്യാറാക്കി

വരുന്നു. സ്ഥലലഭ്യതയ്ക്കുള്ള എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തോടനുബന്ധിച്ച് ആദ്യം തയ്യാറാക്കിയ പദ്ധതിയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുമൂലമുള്ള  കാലതാമസം പരിഗണിച്ച് പ്രസ്തുത സ്ഥലം ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ പദ്ധതി തയ്യാറാക്കി വരുന്നു. ഇതിനായി കണ്ണൂർ ജില്ലാ കളക്ടർ 50 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.  പൈതൽമല ടൂറിസം കോംപ്ലക്സിന്റെ നവീകരണ പദ്ധതി പരിശോധിച്ച് അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.  കാഞ്ഞിരക്കൊല്ലി, ശശിപ്പാറ വെള്ളച്ചാട്ടത്തോടുചേർന്ന് ടൂറിസം ഡിപ്പാർട്ടുമെന്റ് ഇൻഫർമേഷൻ സെന്റർ നിർമ്മിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ സർവ്വേ നടപടിയും റിലിംക്വിഷ്മെന്റ് നടപടിയും പൂർത്തിയാക്കി സെന്റർ ടൂറിസ്റ്റുകൾക്കായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. തിരുനെറ്റിക്കല്ല് പ്രദേശത്തിന്റെ ടൂറിസം സാധ്യത പരിശോധിച്ച് അനുയോജ്യമായ പദ്ധതി തയ്യാറാക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 236(6) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്.
2. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ.
3. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്ന് മുതൽ അഞ്ച് വരെയുള്ള റിപ്പോർട്ടുകൾ.
4. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമത് റിപ്പോർട്ട്.
5. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>യാത്രാനിരക്ക് പരിഷ്കരണം</u>

സംസ്ഥാനത്തെ ടാക്സി, ഓട്ടോറിക്ഷ എന്നിവയുടെ യാത്രാനിരക്ക് പരിഷ്കരണം സംബന്ധിച്ച് ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII അറിയിപ്പ്

ബിൽ പരിഗണനാ തീയതിയിലെ മാറ്റം

മി. സ്പീക്കർ: 2018 നവംബർ 28-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം ഡിസംബർ 12, 13 തീയതികളിൽ സഭയുടെ പരിഗണനയ്ക്കായി വരേണ്ടിയിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിന്റെയും 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലിന്റെയും പരിഗണനാ തീയതികൾ ചില സാങ്കേതിക കാരണങ്ങളാൽ പരസ്പരം മാറ്റി നൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചതിൻപ്രകാരം പുതുക്കിയ സമയക്രമം സംബന്ധിച്ച അറിയിപ്പ് അംഗങ്ങൾക്ക് പ്രത്യേകമായി നൽകുന്നതാണ്.

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2011-ലെ കേരള പോലീസ് ആക്ടിന്റെ സെക്ഷൻ 110 അനുസരിച്ച് പോലീസിന്റെ ഭാഗത്തുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി സ്റ്റേറ്റ് ലെവലിലും ഡിസ്ട്രിക്ട് ലെവലിലും നിലവിൽ വന്നു. 2017-ലെ റിട്ട് ഹർജി ഹൈക്കോടതിയിൽ വന്നപ്പോൾ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിൽ ഫുൾ ക്വാറം ഇല്ലാതിരിക്കുമ്പോൾ ചെയർപേഴ്സണോ മറ്റ് അംഗങ്ങളോ പാസ്സാക്കുന്ന ഉത്തരവുകൾക്ക് നിയമ സാധുതയില്ലെന്നും അത്തരം ഉത്തരവുകൾ പുന:പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. അതോറിറ്റിയുടെ ക്വാറം നിയമത്തിൽ വ്യവസ്ഥ ചെയ്താൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കും. കോടതി വിധി മറികടക്കുന്നതിനുവേണ്ടി ബില്ലിൽ ഭേദഗതി കൊണ്ടുവരുന്നത് ഉത്കണ്ഠാജനകമാണ്. ഭേദഗതി അനുസരിച്ച് അതോറിറ്റിയുടെ ചെയർപേഴ്സണോ

അധികാരപ്പെടുത്തുന്ന മറ്റ് അംഗങ്ങളോ അതോറിറ്റിയുടെ അംഗീകാരമില്ലാതെ അധികാരങ്ങൾ കൈകാര്യം ചെയ്യുവാൻ വ്യവസ്ഥ ചെയ്യുന്നു. ഇത്തരം വ്യവസ്ഥ നിയമപരമായി ശരിയല്ല. അതോറിറ്റിയുടെ ക്വാറം സംബന്ധിച്ച ഭേദഗതി ബില്ലിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പോലീസ് വകുപ്പിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് സാധിച്ചു. നിലവിലെ ഹൈക്കോടതി വിധി പ്രായോഗിക തലത്തിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കും. പോലീസിന്റെ ദൈനംദിന അഡ്മിനിസ്ട്രേഷനിൽ ഇടപെടാൻ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്ക് അവകാശമില്ല. ഹൈക്കോടതി വിധി പാലിക്കപ്പെട്ടാൽ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിൽ വരുന്ന പരാതികൾ അഡ്രസ് ചെയ്യപ്പെടാതെ പോകും. ജനങ്ങളുടെ പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുക എന്നതാണ് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റികൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകൾക്കും ദളിതർക്കും മുതിർന്ന പൗരന്മാർക്കും പോലീസ് വകുപ്പിൽനിന്ന് നീതി ലഭിക്കത്തക്ക വിധത്തിലുള്ള സാഹചര്യമുണ്ടാകും. പോലീസിന് സ്വതന്ത്രമായ അന്വേഷണം

നടത്തുന്നതിന് അധികാരം നൽകിയതിലൂടെ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചു. കേരള പോലീസ് സേനയുടെ ആത്മവീര്യം തകർക്കുന്ന തരത്തിലുള്ള യു.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങൾ ആശങ്കാജനകമാണ്. ലോക്കപ്പ് മർദ്ദനങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുകയും ചെയ്ത സർക്കാർ സമീപനം സ്വാഗതാർഹമാണ്. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയും 451 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വനിതാ ബറ്റാലിയൻ ആരംഭിക്കുകയും വനിതാ എസ്.ഐ.മാരെ എസ്.എച്ച്.ഒ.മാരായി നാമനിർദ്ദേശം ചെയ്യുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിനും മുതിർന്ന പൗരന്മാരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും പോലീസ് ചീഫ് കൺട്രോൾ റൂം ആരംഭിക്കാനും സ്റ്റുഡന്റ് പോലീസ് കേഡറ്റ് ശക്തമാക്കാനും നടപടി സ്വീകരിച്ചു. പ്രളയ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളിൽ നിസ്തുല സേവനം കാഴ്ചവച്ച പോലീസ് സേന അഭിനന്ദനമർഹിക്കുന്നു. ക്രൈം റേറ്റ് കുറയ്ക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും ദളിതർക്കും സുരക്ഷ ഉറപ്പാക്കുകയും ചെയ്തതിലൂടെ മാതൃകാപരമായ

പ്രവർത്തനങ്ങളാണ് പോലീസ് സേന കാഴ്ചവച്ചത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡിവൈ.എസ്.പി. റാങ്ക് വരെയുള്ള പോലീസുകാർക്കെതിരെയുള്ള പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി രൂപീകരിച്ച ജില്ലാ-സംസ്ഥാനതല കംപ്ലെയിന്റ്സ് അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. 2018-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിലൂടെ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുമായി ബന്ധപ്പെട്ട റിട്ട് ഹർജിയിന്മേലുള്ള ഹൈക്കോടതി വിധി മറികടക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അഡീഷണൽ ചീഫ് സെക്രട്ടറിക്കും എ.ഡി.ജി.പി.ക്കും സർക്കാർ പ്രതിനിധികൾക്കും പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുടെ സിറ്റിംഗിൽ പങ്കെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം മറികടക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഭേദഗതി നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. പോലീസ് ഉദ്യോഗസ്ഥർ തന്നെ അംഗങ്ങളായിട്ടുള്ള അതോറിറ്റിയിൽ ഏതെങ്കിലും അംഗത്തിനോ, അംഗങ്ങൾക്കോ കേസുകൾ തീർപ്പുകൽപ്പിക്കാനുള്ള അധികാരം നൽകുന്ന നടപടി ഏകപക്ഷീയവും നീതി നിഷേധവുമാണ്. പോലീസ് സേനയിൽ

വർദ്ധിച്ചുവരുന്ന ക്രിമിനൽവത്കരണം തടയാനും പോലീസുദ്യോഗസ്ഥർക്കെതിരായ കേസുകളിന്മേൽ നീതിപൂർവ്വമായ നടപടി സ്വീകരിക്കാനും പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി പുന:സംഘടിപ്പിക്കാനും തയ്യാറാകണം. തൽപ്പരകക്ഷികൾക്കനുകൂലമായ തീരുമാനമെടുക്കുന്നതിനും ക്രിമിനലുകളെ സംരക്ഷിക്കുന്നതിനുമാണ് നിലവിലെ നിയമം ഭേദഗതി ചെയ്യുന്നത്. പാർലമെന്റിനും നിയമസഭയ്ക്കും മന്ത്രിസഭയ്ക്കും യോഗം ചേരുന്നതിന് ക്വാറം ആവശ്യമാണെന്നിരിക്കെ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്ക് ക്വാറം ആവശ്യമില്ലെന്ന തരത്തിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിയമം അട്ടിമറിക്കാനുള്ള ഗൂഢലക്ഷ്യമായി മാത്രമേ കാണാൻ കഴിയൂ. ഏകാഭിപ്രായത്തിൽ പരാതികൾ തീർപ്പാക്കാമെന്ന തരത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി ബില്ലിനെ എതിർക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017-ലെ ഹൈക്കോടതി വിധി മറികടക്കുന്നതിനും പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയെ നിർവ്വീര്യമാക്കുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നത് എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. ജോലിത്തിരക്ക്

കൂടുതലുള്ള കോടതികളിലും ഫോറങ്ങളിലും അഡീഷണൽ ബെഞ്ചുകളും ഫോറങ്ങളും ഏർപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിലെ 5 അംഗങ്ങൾക്കും പ്രത്യേക സിറ്റിംഗുകൾ നടത്തി പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള അധികാരം നിയമപരമായി നൽകുകയാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ 5 ഫോറങ്ങൾ രൂപീകരിച്ച് അഞ്ചിരട്ടി പരാതികൾ തീർപ്പാക്കാനാണ് ശ്രമിക്കുന്നത്. ജില്ലാ തലത്തിൽ 3 അംഗങ്ങളും എല്ലാ ജില്ലകളിലും 3 വീതം ഫോറങ്ങളും ഇതിനുണ്ടാകും. കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസൽ ഫോറങ്ങളിലെ ചെയർമാനും അംഗങ്ങൾക്കും കേസ്സുകളിൽ പ്രത്യേകം പ്രത്യേകം തീരുമാനമെടുക്കാനുള്ള അധികാരം നൽകുന്നതിന് സമാന വ്യവസ്ഥയാണ് അതോറിറ്റിയിലും കൊണ്ടുവരുന്നത്. സംസ്ഥാന തലത്തിൽ ഡി.ജി.പി. ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നത് സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയും ജില്ലാ തലത്തിൽ ജില്ലാ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുമാണ്. സംസ്ഥാന കംപ്ലെയിന്റ്സ് അതോറിറ്റിയിലെ 5 അംഗങ്ങളും ജില്ലാ കംപ്ലെയിന്റ്സ് അതോറിറ്റിയിലെ 3 അംഗങ്ങളും കൂടിച്ചേർന്ന് എടുക്കുന്ന തീരുമാനങ്ങൾ മാത്രമേ സാധുവാകുകയുള്ളു എന്ന് ഹൈക്കോടതി വിധിവന്ന പശ്ചാത്തലത്തിൽ സംസ്ഥാന പോലീസ് അതോറിറ്റിയിലെ അംഗങ്ങൾ ഒറ്റയ്ക്കെടുക്കുന്ന തീരുമാനങ്ങൾ

അസാധുവാകുന്ന സ്ഥിതിയാണുള്ളത്. സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിലെ 5 അംഗങ്ങൾക്കും ഒരുമിച്ച് പരാതികൾ കേട്ട് തീർപ്പാക്കാൻ സാധിക്കാത്തതിനാലാണ് അംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ പരാതി പരിശോധിച്ച് തീർപ്പാക്കുന്നതിന് സാധ്യമാകുന്ന തരത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ അതോറിറ്റിയുടെ മുമ്പാകെ 2014 മുതൽ വന്ന 2963 കേസ്സുകളിൽ 2618 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഹൈക്കോടതി വിധി വരുന്നതിനുമുമ്പ് അതോറിറ്റിയിലെ അംഗങ്ങൾ പ്രത്യേകം പ്രത്യേകം ഹിയറിംഗ് നടത്തിയാണ് കേസ്സുകൾ ഡിസ്പോസ് ചെയ്തിരുന്നത്. തീർപ്പാകാതെ കിടക്കുന്ന കേസ്സുകളിന്മേൽ ആളുകൾക്ക് സമയബന്ധിതമായി നീതി ലഭിക്കണം. തെറ്റായ ഉദ്ദേശ്യത്തോടുകൂടിയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് നിലവിലുള്ള പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുടെ ഉദ്ദേശ്യത്തെ ചോദ്യം ചെയ്യുന്നുമില്ല. അതോറിറ്റിയിലെ എല്ലാ അംഗങ്ങൾക്കും തുല്യ അധികാരമാണുള്ളത്. ഇത്തരമൊരു ഭേദഗതിയിലൂടെ ഭാവിയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുകയാണെങ്കിൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണ്. മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന പോലീസിന്റെ പ്രവർത്തനത്തെ ഡീമോറലൈസ് ചെയ്യാനാണ് ശ്രമിക്കുന്നത്. കേരളത്തിന്റെ

ക്രമസമാധാന രംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ ഒറ്റതിരിഞ്ഞ് അപമാനിക്കുന്നതും അവഹേളിക്കുന്നതും ശരിയായ നടപടിയല്ല. ഇന്ത്യാ ടുഡേയുടെ ക്രമസമാധാനത്തിനുള്ള പുരസ്കാരം സംസ്ഥാന പോലീസിനാണ് ലഭിച്ചത്. പോലീസ് അതിക്രമങ്ങൾക്ക് വിധേയരാകുന്ന പാവപ്പെട്ട വിഭാഗങ്ങൾക്ക് സമയബന്ധിതമായി നീതി ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ നിയമ ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

125, 132, 134, 135, 140, 142, 143, 144, 145, 148, 149, 150, 152, 155, 157, 159, 160, 163, 164, 165, 166, 167, 168, 171, 173, 177, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

187, 188, 191, 192, 193, 194, 197, 198, 199, 200, 202, 203, 204, 205, 206, 207, 209 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

210, 212 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106, 107, 110, 111, 116, 117, 120, 121, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വളരെ ദൗർഭാഗ്യകരമായൊരു നിയമഭേദഗതിയാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. പോലീസിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. പോലീസ് അതിക്രമങ്ങൾക്കെതിരെ ഒരു പൗരന് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയെ സമീപിക്കാൻ സാധിക്കുമായിരുന്ന സാഹചര്യം മാറ്റി പോലീസ് ഉദ്യോഗസ്ഥരുടെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കാനുള്ള നിയമഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. കൂട്ടായ തീരുമാനങ്ങളെടുക്കേണ്ട അതോറിറ്റിയിൽ ക്വാറം

വേണ്ടെന്ന അവസ്ഥയാണുണ്ടാക്കിയിട്ടുള്ളത്. ഈ നിയമഭേദഗതിയിലൂടെ അതോറിറ്റിയുടെ മുമ്പിൽ വരുന്ന ഒരാൾക്ക് നീതി ലഭ്യമാകാനുള്ള സാധ്യത കുറയുകയാണ്. പൗരന്റെ അവകാശങ്ങളെയും പരാതികളെയും ഫലപ്രദമായി കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഒരു സംവിധാനത്തെ ദുർബലപ്പെടുത്തരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X അറിയിപ്പ്

ഭരണഘടനാ സാക്ഷരതാ പുസ്തകത്തിന്റെ പ്രകാശനം

മി. സ്പീക്കർ: സംസ്ഥാന സാക്ഷരതാ മിഷന്റെയും നിയമസഭയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഭരണഘടനാ സാക്ഷരതാ - ജനകീയ വിദ്യാഭ്യാസ പരിപാടിക്കായി തയ്യാറാക്കിയിട്ടുള്ള 'ഭരണഘടനാ സാക്ഷരതാ പുസ്തക'ത്തിന്റെ പ്രകാശന കർമ്മം ഇന്ന് വൈകുന്നേരം 3 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടത്തുകയാണ്. പ്രസ്തുത ചടങ്ങിൽ ഭരണഘടനയെ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് ശ്രീ. കെ. കെ.

ദിനേശൻ പ്രഭാഷണം നടത്തുന്നതാണ്. എല്ലാ അംഗങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നിയമനിർമ്മാണം (തുടർച്ച)**

(ii) 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

(ബന്ധുനിയമന വിവാദത്തിൽ മന്ത്രി ഡോ. കെ. ടി. ജലീൽ രാജിക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ബില്ലിന്റെ പരിഗണനാവേളയിൽ സഹകരിക്കാൻ തയ്യാറല്ലെന്നറിയിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളുടെ അവകാശങ്ങളെയും പ്രവർത്തനപരിധിയെയും സംബന്ധിച്ച് തർക്കങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ സർവ്വകലാശാലയെ സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാടില്ലാത്തവർ സെനറ്റിലും സിൻഡിക്കേറ്റിലും തെരഞ്ഞെടുക്കപ്പെടുന്നത് ഒഴിവാക്കണം. സർവ്വകലാശാല വൈസ് ചാൻസലർ പദവിയിൽ നിയമിതനാകുന്ന വ്യക്തിക്ക് സമസ്ത മേഖലകളെ സംബന്ധിച്ചും അറിവുണ്ടായിരിക്കണം. വിദ്യാഭ്യാസ സമ്പ്രദായത്തെയും പാഠ്യപദ്ധതിയെയും ഉടച്ചുവാർത്ത് സർവ്വകലാശാലകളെ കാവിവൽക്കരിക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. പ്രഗല്ഭരായ വ്യക്തികളെ സിൻഡിക്കേറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ നേതൃത്വപരമായ പദവിയിലേയ്ക്ക് യുവതലമുറയെ നയിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. രാജൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താലക്കാലിക ബദൽ ക്രമീകരണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയമായ നടപടി സ്വീകരിച്ച യു.ഡി.എഫ്. സർക്കാരിൽനിന്ന് വ്യത്യസ്തമായി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി താലക്കാലിക ബദൽക്രമീകരണം കൊണ്ടുവരാനുള്ള സർക്കാർ നടപടിയെ അഭിനന്ദിക്കുന്നു. യൂണിവേഴ്സിറ്റികളെ വർഗ്ഗീയവത്കരണത്തിന്റെയും ജനാധിപത്യ വിരുദ്ധതയുടെയും വാണിജ്യവത്കരണത്തിന്റെയും കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. സർവ്വകലാശാലകളുടെ കീഴിലുള്ള പ്രധാനപ്പെട്ട കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചതും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിദ്യാഭ്യാസ രംഗത്ത് സജീവത കൊണ്ടുവരാൻ കഴിഞ്ഞതും ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ലോകത്തിന് മാതൃകയാകുന്ന രീതിയിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ വളർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലുണ്ടാകുന്ന മാറ്റം കണക്കിലെടുത്ത് മതിയായ അദ്ധ്യാപക

തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥിര നിയമനം നടത്തുന്നതിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. രണ്ട് ഘട്ടങ്ങളിലായി നിയമനം നടത്തി അദ്ധ്യാപകരുടെ കുറവ് പരിഹരിക്കാമെന്നുള്ള തീരുമാനം ശ്ലാഘനീയമാണ്. യൂണിവേഴ്സിറ്റി രജിസ്ട്രാർമാരുടെയും എക്സാമിനേഷൻ കൺട്രോളർമാരുടെയും നിയമന കാലാവധി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിന്നിരുന്ന കേസിന്റെ വിധി നടപ്പിലാക്കുന്നതിന് സമയം ആവശ്യമായി വന്ന പശ്ചാത്തലത്തിലാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി നീട്ടിക്കൊടുത്തുകൊണ്ടുള്ള ബിൽ അവതരിപ്പിക്കേണ്ടി വന്നത്. സർവ്വകലാശാലകളിലെ ജനാധിപത്യ സ്വഭാവം നിലനിർത്തുന്നതിന് ഗവൺമെന്റ് മുൻഗണന നൽകിയിട്ടുണ്ട്. സർവ്വകലാശാല രജിസ്ട്രാർമാരുടെയും എക്സാമിനേഷൻ കൺട്രോളർമാരുടെയും നിയമന കാലാവധി നിശ്ചയിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്. സർവ്വകലാശാലകളിൽ ഓരോ വർഷവും പുതിയ രണ്ട് കോഴ്സുകൾ വീതം

ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒഴിവുള്ള അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളുടെ പോസ്റ്റ് ക്രിയേഷൻ അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പരീക്ഷകൾ ക്രമപ്പെടുത്തി നടത്തുന്നതിനും ഏപ്രിൽ 30-ന് മുൻപ് ഡിഗ്രി കോഴ്സിന്റെയും മെയ് 30-ന് മുൻപ് പി. ജി. കോഴ്സിന്റെയും റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

126. ഖണ്ഡം 2(1)-ൽ, " നികായം" എന്നതിന് മുൻപ് "താല്ക്കാലിക" എന്ന വാക്ക് ചേർക്കുക.

134. ഖണ്ഡം 2(2)-ൽ, " വിജ്ഞാപനംവഴി" എന്നതിനുപകരം "വിജ്ഞാപനം വഴി" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>3-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

*******